ഖുത്ബ
**14.01.2005**
ബശാറത്ത് മസ്ജിദ്
പേഡ്റോബാദ്, സ്പെയ്ൻ.

بسم الله الرحمن الرحيم

# സ്പെയിനിൽ കൂടുതൽ പള്ളികൾ നിർമ്മിക്കേണ്ട കാലമായിരിക്കുന്നു.

يَا أَيُّهَا النَّاسُ اعْبُدُوا رَبَّكُمُ الَّذِي خَلَقَكُمْ وَالَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ

(2:22)

തന്നെ ആരാധിക്കാൻ കല്പിച്ചുകൊണ്ട് ശയ്ത്വാന്റെ കൈയിൽനിന്ന് രക്ഷപ്പെടുന്നതിനും അവനിൽ നിന്ന് വിടുതൽ കിട്ടുന്നതിനുമുള്ള സാഹചര്യം ഒരുക്കിത്തന്നിരിക്കുന്നു എന്നത്, മനുഷ്യന്റെ മേലുള്ള അല്ലാഹുവിന്റെ മഹത്തായ ഔദാര്യമാണ്. വിശുദ്ധഖുർആൻ വിവിധരീതിയിൽ ഈ ഭാഗത്തേയ്ക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. ഞാനോതിയ വചനത്തിലും അല്ലാഹു പറയുന്നു.

അല്ലയോ ജനങ്ങളേ! നിങ്ങളെയും നിങ്ങൾക്കു മുമ്പുള്ളവരെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ തഖ്‌വ കൈക്കൊള്ളുന്നതിനുവേണ്ടി. (2:22)

അതായത് നിങ്ങളെ സൃഷ്ടിച്ചിട്ടുള്ളത് നിങ്ങളുടെ റബ്ബാണ്. നിങ്ങളെ സൃഷ്ടിച്ചിട്ട് വിട്ടുകളഞ്ഞിട്ടില്ല. മറിച്ച് സൃഷ്ടിച്ചതിനോടൊപ്പം നിങ്ങളെ വളർത്തുന്നതിനുള്ള സംവിധാനങ്ങളും ഉണ്ടാക്കിയിരിക്കുന്നു. നിങ്ങളുടെ ഭക്ഷണത്തിനായി പാലിനുള്ള ഏർപ്പാടു ചെയ്തു. കാലാവസ്ഥയുടെ കാഠിന്യത്തിൽനിന്ന് രക്ഷപ്പെടുന്നതിനായി നിങ്ങൾക്ക് വസ്ത്രം ഉണ്ടാക്കിത്തന്നു. നിങ്ങളെ നോക്കി വളർത്തുന്നതിനുവേണ്ടി നിങ്ങളുടെ ഉമ്മയുടെ മനസ്സിൽ വളരെയധികം സ്നേഹം നിക്ഷേപിച്ചു. അതിനുദാഹരണമില്ല. നിങ്ങൾക്ക് ഒന്നിനും കഴിവില്ലാതിരുന്നപ്പോൾ ഒരു ഫലേച്ഛയും കൂടാതെ അവർ നിങ്ങൾക്കായി സേവനം ചെയ്തു. ഈ എല്ലാ ഏർപ്പാടുകളും നിങ്ങളുടെ റബ്ബായ അല്ലാഹുവിന്റെ ഇഷ്ടത്താലാണ് നടക്കുന്നത്. അങ്ങനെ നിങ്ങളുടെ അവയവങ്ങൾക്ക് ബലം വയ്ക്കുന്ന അവസ്ഥയെത്തി. ഇപ്പോഴും അവൻ തന്നെയാണ് നിങ്ങളുടെ ആവശ്യങ്ങൾ പൂർത്തിയാക്കുന്നവൻ. ഇങ്ങനെ നിങ്ങളെ സൃഷ്ടിക്കുന്ന, നിങ്ങളെ പരിപാലിച്ചുവളർത്തുന്ന, നിങ്ങളുടെ ഉടമസ്ഥൻ നിങ്ങളുടെ ആരാധനയ്ക്കർഹനാണ്. അവനോടു നന്ദി കാണിക്കുന്നവരായിരിക്കുക. അവൻ നിങ്ങളുടെ മേൽ ഇറക്കിയിട്ടുള്ള അനുഗ്രഹങ്ങൾ ഓർത്ത് അവന്റെ മുമ്പിൽ കുനിയുക. ഇതുതന്നെയാണ് മനുഷ്യന്റെ ഭക്തിപൂർവമുള്ള ഈശ്വരപ്രാർത്ഥനയുടെ ആത്മീയപ്രയാണം. അതുകൊണ്ട് ഓർമിക്കുക, എല്ലാ സൃഷ്ടികളെയും അവൻ സൃഷ്ടിച്ചിട്ടുള്ളതാണ്. എല്ലാ മനുഷ്യനും അവന്റെ സൃഷ്ടികളാണ്. അതിനാൽ നന്ദികെട്ടവനെന്ന് പറയുന്നത് കേൾക്കാനിഷ്ടപ്പെടാത്ത ഓരോ മനുഷ്യന്റെയും, ശയ്ത്വാന്റെ ശിങ്കിടിയെന്ന് വിളിക്കുന്നത് കേൾക്കാനിഷ്ടപ്പെടാത്ത ഓരോ മനുഷ്യന്റെയും പ്രവൃത്തിയാണ് തഖ്‌വയോടുകൂടി പ്രവർത്തിക്കുക എന്നത്. അവനോടുള്ള ഭയത്തിനും അവനോടുള്ള സ്നേഹത്തിനും ഹൃദയത്തിലിടം നല്കുക. അവനെ ആരാധിക്കുക. അവൻ കല്പിച്ചിട്ടുള്ളതനുസരിച്ച് പ്രവർത്തിക്കുക. അപ്പോൾ മാത്രമെ അല്ലാഹുവിന്റെ സൃഷ്ടിയാണെന്ന് പറയുന്ന ഒരുവൻ തന്റെ ജീവിതോദ്ദേശ്യം കരസ്ഥമാക്കിയവനെന്ന് പറയപ്പെടുകയുള്ളു. ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ)യുടെ പ്രവചനങ്ങൾ സത്യമായി പുലർന്നത് ഞാൻ കണ്ടുവെന്നും അല്ലാഹുവിൽനിന്ന് നല്കപ്പെട്ട അറിയിപ്പുകൾ പുലരുന്നത് കണ്ടുകൊണ്ട് മസീഹ് മൗഊദിനെ വിശ്വസിച്ചു എന്നും വാദിക്കുന്ന ഒരഹ്‌മദിയ്ക്ക് മറ്റുള്ളവരെ അപേക്ഷിച്ച്, അല്ലാഹു നല്കിയ ഈ പാരിതോഷികത്തെ വിലമതിച്ചുകൊണ്ട് തന്റെ റബ്ബിന്റെ മുമ്പിൽ മറ്റുള്ളവരെക്കാൾ കൂടുതൽ കുനിയേണ്ടത് നിർബന്ധമായിത്തീരുന്നു; ആരാധനയുടെ നിലവാരം നല്ലവണ്ണം മെച്ചപ്പെടുത്തിക്കൊണ്ട് മുന്നോട്ട് പോകേണ്ടതാണ്. ജോലിക്കൂടുതലോ മറ്റു തിരക്കുകളോ അല്ലാഹുവിനെ ആരാധിക്കുന്നതിന് തടസ്സമിട്ടാൽ, അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയായതു തിരിച്ചറിഞ്ഞു എന്ന അഹ്‌മദിയുടെ വാദം തെറ്റാണെന്ന് തെളിയുന്നു. സത്യമായ തിരിച്ചറിവ് അവന്റെ ഉള്ളിൽ ഒരു മാറ്റം ഉണ്ടാക്കേണ്ടതായിരുന്നു. നബി(സ) നമ്മെ പഠിപ്പിച്ച ഈ പ്രാർത്ഥന അവൻ ചൊല്ലേണ്ടതായിരുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു.

ഹസ്റത്ത് മുഅദിബ്നുജബൽ(റ) നിവേദനം ചെയ്യുന്നു. നബി(സ) അദ്ദേഹത്തിന്റെ കൈപിടിച്ചുകൊണ്ടു പറഞ്ഞു: മുആദേ! അല്ലാഹുവാണ, തീർച്ചയായും ഞാൻ നിന്നെ സ്നേഹിക്കുന്നു. എന്നിട്ടവിടന്ന് പറഞ്ഞു: മുആദേ! ഞാൻ നിന്നോടു വസിയ്യത്തു ചെയ്യുകയാണ്. നീ ഓരോ നമസ്കാരത്തിനുശേഷവും ഈ ദുആ ചെയ്യാൻ മറക്കരുത്. *അല്ലാഹുമ്മ അഇന്നീ അലാ ദിക്‌രിക്ക വശുക്‌രിക്ക വ ഹുസ്നി ഇബാദത്തിക്ക.* അല്ലാഹുവേ നിന്നെ സ്മരിക്കാനും നിന്നോടു നന്ദി കാണിക്കാനും നല്ലനിലയിൽ നിന്നെ ആരാധിക്കാനും എനിക്കു സൗഭാഗ്യം നല്കിയാലും.

നബി(സ) അദ്ദേഹത്തോടു പറഞ്ഞത്, 'എനിക്കു നിന്നോടുള്ള സ്നേഹം ആവശ്യപ്പെടുന്നതെന്താണെന്നുവെച്ചാൽ, അല്ലാഹുവിനോട് നന്ദി

കാണിക്കുന്നവനും അവനെ ആരാധിക്കുന്നവനുമായി എനിക്കുനിന്നെ കാണണം എന്നാണ്.' അതുകൊണ്ട്, അല്ലാഹുവിന്റെ റസൂൽ(സ)നെ സ്നേഹിക്കുന്നു വെന്ന് വാദിക്കുന്ന ഓരോ അഹ്മദിയ്ക്കും ഈ സ്മരണയും നന്ദിയും ആരാധനയും സ്വായത്തമാക്കേണ്ടിവരും. ആരാധനയുടെ മികച്ച നിലവാരം സമ്പാദിക്കുന്നതിനുവേണ്ടി നമസ്കാരത്തിലേക്ക് ശ്രദ്ധിക്കേണ്ടിവരും, നമസ്കരിക്കേണ്ടിവരും. ഓരോ അഹ്മദിയും അവരുടെ നമസ്കാരത്തിലേക്ക് ശ്രദ്ധിക്കുക. അപ്പോൾ മാത്രമെ അവർക്ക് നന്ദിയുള്ളവരാകാൻ സാധിക്കുകയുള്ളു.

ആരാധനയെ വിശദീകരിച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "ശരീരേച്ഛയ്ക്ക് എതിരുപ്രവർത്തിക്കുന്നതും ഒരു ആരാധനയാണ്. മനുഷ്യൻ ഉറങ്ങുകയായിരിക്കും. ഉണർന്നാൽ വീണ്ടും ഉറങ്ങണമെന്ന് ആഗ്രഹമുണ്ടാകും. എന്നാൽ, അവൻ അതിന് എതിരു പ്രവർത്തിച്ച് പള്ളിയിലേക്ക് എഴുന്നേറ്റു പോകുന്നു. ഇങ്ങനെ ശരീരേച്ഛയ്ക്ക് എതിരു പ്രവർത്തിക്കുന്നതിനും ഒരു പ്രതിഫലമുണ്ട്. പ്രതിഫലം ശരീരേച്ഛയ്ക്ക് വിരുദ്ധം പ്രവർത്തിക്കുന്നതു വരെ മാത്രം പരിമിതമാണ്. മനുഷ്യൻ ആരിഫ് അഥവാ ദൈവജ്ഞനായിക്കഴിഞ്ഞാൽ പിന്നെ പ്രതിഫലമില്ല. അബ്ദുൽഖാദിർ ജീലാനി (റഹ്) പറയുന്നു. മനുഷ്യൻ ദൈവജ്ഞനായി തീരുമ്പോൾ അവന്റെ ആരാധനയുടെ പ്രതിഫലം നഷ്ടപ്പെട്ടുപോകുന്നു. ആത്മാവ് ശാന്തിപ്രാപിച്ചാൽ പ്രതിഫലം എങ്ങനെ അവശേഷിക്കാനാണ്. ശരീരേച്ഛയെ വിരുദ്ധം പ്രവർത്തിച്ചതുകൊണ്ടായിരുന്നു പ്രതിഫലം. ഇപ്പോൾ അതില്ല."

ബലം പ്രയോഗിച്ച് കിടക്കയിൽ നിന്ന് ഉണരുക, ജമാഅത്തോടുകൂടി നമസ്കരിക്കാൻ പള്ളിയിൽ പോകുക, ജോലി മാറ്റിവെച്ച് നമസ്കാരത്തിലേക്കു ശ്രദ്ധിക്കുക, ഇതൊക്കെയാണ് പ്രതിഫലം കിട്ടാനുള്ള മാർഗ്ഗം. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. മനുഷ്യന് അല്ലാഹുവിനോട് ഇത്രത്തോളം ബന്ധം ഉണ്ടായിക്കഴിഞ്ഞാൽ, അവന്റെ പക്കൽ ദുൻയാവിന് ഒരു വിലയുമില്ലാതായിക്കഴിഞ്ഞാൽ പിന്നെ പ്രതിഫലമുണ്ടാവില്ല. പിന്നെ അത് അവന്റെ ജീവിതത്തിന്റെ ഭാഗമായിത്തീരുന്നു. അത് അവനൊരു ഭക്ഷണമാണ്.

യുവത്വകാലത്ത് ആരാധനാകർമ്മങ്ങളിൽ ഏർപ്പെടേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അവിടന്ന് പറയുന്നു.

"അവൻ ഇക്കാലം (യുവത്വക്കാലം) അല്ലാഹുവിന്റെ സേവാവൃത്തിയിലും തന്റെ ആത്മാവിനെ മോടിപിടിപ്പിക്കുന്നതിലും അല്ലാഹുവിനെ അനുസരിക്കുന്നതിലും കഴിച്ചുകൂട്ടിയിട്ടുണ്ടെങ്കിൽ, ഒരുതരത്തിലുള്ള ആരാധനകളും വേണ്ടുംവിധം ചെയ്യാൻ സാധിക്കാതെ വരികയും ക്ഷീണവും അലസതയും പിടികൂടുകയും ചെയ്യുന്ന വാർദ്ധക്യകാലത്ത് മലക്കുകൾ അവന്റെ കർമ്മ പുസ്തകത്തിൽ അവൻ യുവത്വകാലത്ത് ചെയ്ത അതേ നമസ്കാരം, നോമ്പ്, തഹജ്ജുദ് തുടങ്ങിയവ എഴുതി രേഖപ്പെടുത്തുന്നതാണ്. ഇതാണ് അവന് കിട്ടുന്ന ഫലം. പരിശുദ്ധനായ അല്ലാഹു തന്റെ ദാസൻ ഒന്നും ചെയ്യാൻ കഴിയാത്തവനാണെന്ന് അറിഞ്ഞുകൊണ്ട് - അവൻ കർമ്മങ്ങളൊന്നും ചെയ്യാതിരുന്നിട്ടും യുവത്വകാലത്ത് ചെയ്ത കർമ്മങ്ങൾ അവന്റെ പേരിൽ എഴുതുന്നു."

അതുകൊണ്ട്, നമസ്കാരത്തിൽ കൃത്യനിഷ്ഠ പാലിക്കാൻ ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്. കൃത്യനിഷ്ഠപാലിച്ചാൽ മാത്രം പോര ജമാഅത്തോടുകൂടി നമസ്കരിക്കാൻ ശ്രമിക്കേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ വാർദ്ധക്യത്തിൽ മനുഷ്യൻ ബലഹീനനായിത്തീരുകയും യുവത്വകാലത്ത് ചെയ്യാൻ കഴിയുന്നതുപോലെ അധ്വാനിക്കാൻ സാധിക്കാതെ വരികയും - കാരണം നമസ്കാരം ഒരു തരത്തിലുള്ള അധ്വാനം ആവശ്യപ്പെടുന്നുണ്ട് - നമസ്കാരം അവന്റെ യുവത്വകാലത്തെപോലെ വേണ്ടുംവിധം അനുഷ്ഠിക്കാൻ സാധിക്കാതെവരികയും ചെയ്യുമ്പോൾ തന്റെ ദാസന്റെ മേൽ പൊറുക്കലിന്റെയും ദയയുടെയും ദൃഷ്ടി പതിപ്പിക്കുന്ന അല്ലാഹു അവൻ യുവത്വകാലത്തു ചെയ്ത പോലെയുള്ള രീതിയിൽ വാർദ്ധക്യകാലത്തെ കുറവുകൾ എഴുതിരേഖപ്പെടുത്തുന്നതാണ്. അല്ലാഹു തന്റെ ദാസനെ അനുഗ്രഹിക്കുന്ന രീതിയാണിത്. അല്ലാഹുവിനെ ആരാധിക്കുന്നവരായിത്തീരാനും അവന്റെ സാമീപ്യം കരസ്ഥമാക്കാനും, തന്നെയും തന്റെ മക്കളെയും പരിശുദ്ധരാക്കിത്തീർക്കാനും ശയ്ത്വാന്റെ ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെടാനും ആഗ്രഹിക്കുന്ന ഓരോ മനുഷ്യനുമുള്ള ഒരേയൊരു വഴി അല്ലാഹുവിനെ ആരാധിക്കുക എന്നതാണ്. അതിനു ഏറ്റവും പ്രധാനപ്പെട്ടത് ജമാഅത്തോടെയുള്ള നമസ്കാരമാണ്. അല്ലാഹു പറയുന്നു.

اُتْلُ مَآ اُوْحِيَ اِلَيْكَ مِنَ الْكِتٰبِ وَاَقِمِ الصَّلٰوةَ اِنَّ الصَّلٰوةَ تَنْهٰى عَنِ الْفَحْشَآءِ وَالْمُنْكَرِ وَلَذِكْرُ اللّٰهِ اَكْبَرُ وَاللّٰهُ يَعْلَمُ مَا تَصْنَعُوْنَ

ഈ ഗ്രന്ഥത്തിൽനിന്ന് നിനക്ക് ദിവ്യസന്ദേശം മുഖേന നല്കപ്പെട്ടത് നീ ഓതുക. നമസ്കാരം നിലനിറുത്തുകയും ചെയ്യുക. നീചകൃത്യങ്ങളെയും നിഷിദ്ധ കർമ്മങ്ങളെയും നിശ്ചയമായും നമസ്കാരം തടയുന്നതാണ്. തീർച്ചയായും അല്ലാഹുവിന്റെ സ്മരണ അതിമഹത്തരമാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നത് അല്ലാഹു അറിയുന്നുണ്ട്. (29:46)

നമസ്കാരം നിലനിറുത്തുക എന്നതിന്റെ ഉദ്ദേശ്യം ജമാഅത്തായിട്ടുള്ള നമസ്കാരമാണ്. പ്രത്യേകിച്ച്, നിങ്ങളുടെ മടിയോ, തൊഴിലോ തിരക്കോ കാരണത്താൽ കൃത്യസമയത്ത് ജമാഅത്തോടുകൂടി നമസ്കരിക്കാൻ സാധിക്കാതെ വരുന്ന നമസ്കാരം കൃത്യസമയത്ത് നിർവഹിക്കാൻ ശ്രമി

ക്കുക എന്നാണ്. നമസ്കാരം നിലനിറുത്തുക. ജമാഅത്തോടുകൂടി നമസ്കരിക്കുക. നിങ്ങൾ നമസ്കരിക്കുന്നതിലേക്ക് ശ്രദ്ധിക്കുകയാണെങ്കിൽ ദുൻയാവിലെ നീചകൃത്യങ്ങളിൽനിന്നും വ്യർത്ഥമായ കാര്യങ്ങളിൽ നിന്നും നിങ്ങൾ രക്ഷപ്പെടുന്നതാണ്. ഇതിലാണ് ലോകം ഇന്നു വീണുകിടക്കുന്നത്, പ്രത്യേകിച്ച് ഈ യൂറോപ്യൻ സമൂഹം. അതുകൊണ്ട് സ്വയം ഇതിലേക്കു ശ്രദ്ധിക്കുന്നതോടൊപ്പം നിങ്ങളുടെ മക്കൾക്കും ഇക്കാര്യങ്ങൾ പറഞ്ഞുകൊടുത്തുകൊണ്ടിരിക്കുക. അല്ലാഹുവിന്റെ സ്മരണയൊന്നുമാത്രമാണ്, അവനെ ആരാധിക്കുക എന്നതുമാത്രമാണ് എല്ലാ ഭൗതിക വസ്തുക്കളെക്കാളും ഉന്നതം. അതുകൊണ്ട് ഏതെങ്കിലും കാര്യത്തെക്കുറിച്ച് നിങ്ങൾ ചിന്തിക്കേണ്ടതുണ്ടെങ്കിൽ, അവനെ ആരാധിക്കുന്നതിനെക്കുറിച്ച് മാത്രമായിരിക്കണം. കൃത്യസമയങ്ങളിൽ നമസ്കരിക്കാൻ ശ്രദ്ധിക്കുക. ഇതിനെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. ഓർമ്മിക്കുക, അല്ലാഹു എല്ലാം അറിയുന്നുണ്ട്. നിങ്ങളെന്താണ് ചെയ്യുന്നതെന്നും അവനറിയുന്നു. അവനിൽ നിന്ന് ഒന്നും മറഞ്ഞിരിക്കുന്നില്ല. അതുകൊണ്ട് രണ്ടുതരം പ്രവൃത്തി നടക്കുകയില്ല. വാക്കിലും പ്രവർത്തിയിലും വൈരുദ്ധ്യം പാടില്ല. നമസ്കാരത്തിന്റെ സമയമായി എന്ന ചിന്തയോടെ നിങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ, ഭൗതികകാര്യം ഒരു ഭാഗത്ത് മാറ്റിവെച്ച് അവന്റെ സന്നിധിയിൽ ഹാജരാകുകയാണെങ്കിൽ അല്ലാഹു തആല നിങ്ങളുടെ സദുദ്ദേശ്യംകൊണ്ടും അവനെ ആരാധിക്കുന്നതുകൊണ്ടും നിങ്ങളുടെ ഭൗതിക കാര്യങ്ങളിലും അനുഗ്രഹം ചൊരിയുന്നതാണ്. ഇല്ലെങ്കിൽ, ആരാധനയിലേക്ക് ശ്രദ്ധിക്കാത്ത കാരണം കൊണ്ട് നിങ്ങളുടെ തൊഴിലുകളിൽ അധോഗതിയായിരിക്കും ഉണ്ടാകുക. നിങ്ങളുടെ സന്താനങ്ങളും നേരായ പാതയിൽ വരുമെന്ന് വിശ്വസിക്കാൻ പറ്റുകയില്ല. മരിച്ചതിനുശേഷം നിങ്ങളോടു ചോദിക്കുകയും ചെയ്യും. നിങ്ങളുടെ നമസ്കാരത്തെക്കുറിച്ച് ചോദിക്കപ്പെടും. ശരിയായ നിലയിൽ അത് അനുഷ്ഠിച്ചോ ഇല്ലേ എന്ന്?

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. തന്നോട് ഹസ്റത്ത് അബൂഹുറയ്റ(റ) പറഞ്ഞതായി യൂനുസ് പറയുന്നു: നബി(സ) പറഞ്ഞു, ജനങ്ങളുടെ കർമ്മങ്ങളിൽവെച്ച് പുനരുത്ഥാനനാളിൽ ഏറ്റവും ആദ്യം ചോദിക്കപ്പെടുന്നത് നമസ്കാരത്തെകുറിച്ചായിരിക്കും. നബി(സ) പറഞ്ഞു: നമ്മുടെ പ്രതാപവാനായ അല്ലാഹു മലക്കുകളോടുപറയും - വാസ്തവത്തിൽ അവൻ എല്ലാവരെക്കാളും അറിയുന്നവനാണ് - എന്റെ ദാസൻ നമസ്കാരം പൂർണ്ണമായും അനുഷ്ഠിച്ചിരുന്നോ അതോ അപൂർണ്ണമാക്കി വിട്ടിരുന്നോ എന്ന് നോക്കുക. അവന്റെ നമസ്കാരം പൂർണ്ണമായിട്ടുണ്ടെങ്കിൽ അവന്റെ കർമ്മപുസ്തകത്തിൽ പൂർണ്ണനമസ്കാരം രേഖപ്പെടുത്തും. ആ നമസ്കാരത്തിൽ എന്തെങ്കിലും കുറവുവന്നിട്ടുണ്ടെങ്കിൽ പറയും, എന്റെ ദാസൻ നഫ്ലി അഥവാ ഐച്ഛികമായ ആരാധന വല്ലതും നടത്തിയിട്ടുണ്ടോ എന്ന് നോക്കുക. അയാൾ നഫ്ലി ഇബാദത്ത് എടുത്തിട്ടുണ്ടെങ്കിൽ പറയും, എന്റെ ദാസന്റെ നിർബന്ധ നമസ്കാരത്തിൽ കുറവുവന്നത്, അവന്റെ നഫ്ൽ കൊണ്ടുതികയ്ക്കുക. പിന്നീട് എല്ലാ കർമ്മങ്ങളെ സംബന്ധിച്ചും ഇപ്രകാരം ചോദിക്കുന്നതാണ്.

അതുകൊണ്ട് ഒരു അഹ്മദിയുടെ നിലവാരം ഈ രീതിയിലുള്ളതായിരിക്കണം. അല്ലാതെ നമസ്കാരം ഒഴികഴിവ് പറഞ്ഞ് മാറ്റിവയ്ക്കാൻ പാടില്ല. നിങ്ങളുടെ കർമ്മപുസ്തകത്തെകുറിച്ച് ആർക്കും ഒന്നും പറയാൻ പറ്റുകയില്ല. എന്തുണ്ടെന്നോ എന്തില്ലെന്നോ? അതുകൊണ്ട് അല്ലാഹു മനുഷ്യന്റെ മേൽ ഏല്പിച്ച ഒരു നിർബന്ധകാര്യം പൂർത്തിയാക്കാൻ ശ്രമിക്കേണ്ടതാണ്; എല്ലാതരം കണക്കെടുപ്പുകളിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ടി. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

നമസ്കാരത്തിന്റെ മാഹാത്മ്യം വിവരിച്ചുകൊണ്ട് നബി(സ) പറഞ്ഞു: ഹസ്റത്ത് അബൂഹുറയ്റ(റ) പറയുന്നു. അദ്ദേഹം നബി(സ) ഇങ്ങനെ പറയുന്നതായികേട്ടു. നിങ്ങൾ പറയൂ! നിങ്ങളിൽനിന്ന് ഓരോരുത്തരുടെയും വീട്ടുവാതിലിനരികിലൂടെ ഒരു പുഴയൊഴുകുന്നു. എന്നിട്ടവൻ അതിൽ നിന്ന് ഓരോ ദിവസവും അഞ്ചുപ്രാവശ്യം കുളിച്ചു വൃത്തിയായാൽ തന്റെ അഴുക്കുകളിൽനിന്ന് വല്ലതും അവശേഷിക്കുമോ? സ്വഹാബാക്കൾ പറഞ്ഞു: അവന്റെ അഴുക്കിൽനിന്ന് ഒന്നും അവശേഷിക്കുകയില്ല. നബി(സ) പറഞ്ഞു: ഇതാണ് അഞ്ചു നമസ്കാരങ്ങളുടെ സ്ഥിതി. അതുവഴി പാപങ്ങൾ അല്ലാഹു പൊറുത്തുകൊടുക്കും.

അല്ലാഹു മാപ്പു കൊടുക്കുന്ന രീതികളാണിത്. തന്റെ ദാസരുടെ മേൽ സഹാനുഭൂതി കാണിക്കുന്നതിനും, അവരുടെ പാപങ്ങൾ പൊറുത്തുകൊടുക്കുന്നതിന് സാഹചര്യമൊരുക്കുന്നതിനുമുള്ള രീതികളാണ്. ഇതു പ്രയോജനപ്പെടുത്തുന്നിടത്തോളം സ്വന്തം ഇഹലോകവും പരലോകവും സമ്പാദിക്കുന്നവനാകും.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നമസ്കാരം യഥാർത്ഥത്തിൽ ദുആ അഥവാ പ്രാർത്ഥനയാണ്. നമസ്കാരത്തിൽ പറയപ്പെടുന്ന ഓരോ പദവും ദുആയുടെ സൂചനയാണ്. നമസ്കാരത്തിൽ മനസ്സുവന്നില്ലെങ്കിൽ ശിക്ഷ വാങ്ങാൻ തയ്യാറായിക്കൊള്ളുക. കാരണം ദുആ ചെയ്യാത്തവൻ, നാശത്തിന്റെ വക്കിൽ സ്വയം ചെല്ലുകയല്ലാതെ മറ്റെന്താണ്? ഞാൻ വിഷമിക്കുന്നവന്റെ വിഷമം അകറ്റുന്നു, പ്രയാസപ്പെടുന്നവന്റെ പ്രയാസം പരിഹരിക്കുന്നു, ഞാൻ ദയ കാണിക്കുന്നു, നിരാലംബരെ സഹായിക്കുന്നു എന്നെല്ലാം ഒരു ഭരണാധിപൻ വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്നു. പക്ഷേ, പ്രയാസത്തിൽ അകപ്പെട്ടിരിക്കുന്ന ഒരു വ്യക്തി ആ ഭരണാധിപന്റെ അടുത്തൂടെ നടന്നു പോകുകയാണ്. അയാളുടെ വിളി അവൻ ഗൗനിക്കുന്നതേയില്ല. തന്റെ ബുദ്ധിമുട്ടു

പറഞ്ഞ് സഹായത്തിന്നപേക്ഷിക്കുന്നുമില്ല. അവൻ നാശമടയുകയല്ലാതെ പിന്നെന്താണ് വേണ്ടത്. ഇതേ അവസ്ഥ തന്നെയാണ് അല്ലാഹുവിന്റേതും. അവൻ എപ്പോഴും മനുഷ്യന് സൗഖ്യം നല്കാൻ തയ്യാറാണ്; അവനോടു അപേക്ഷിക്കണമെന്നുമാത്രം. ദുആ സ്വീകരിക്കപ്പെടാൻ നന്ദികേട് കാണിക്കാതിരിക്കേണ്ടത് നിർബന്ധമാണ്. വളരെ ശക്തമായി ദുആ ചെയ്യുക. കാരണം പാറയുടെ മേൽ പാറ പതിക്കുമ്പോഴാണ് തീയുണ്ടാകുന്നത്.

നിങ്ങളുടെ പ്രയാസങ്ങൾ അകറ്റുന്നതിനു വേണ്ടി അല്ലാഹു നിങ്ങളെ വിളിച്ചുകൊണ്ടിരിക്കുന്നുവെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. അവന്റെ വിളികേൾക്കുക. അവനിലേക്കോടുക. നിങ്ങളുടെ അപേക്ഷകൾ സമർപ്പിക്കുക. നിങ്ങൾ ആവശ്യങ്ങൾ നിവർത്തിക്കുക. പക്ഷേ, ഓർമിക്കുക. നന്ദികേട് കാണിക്കാത്തവന്റെയും അവന്റെ കല്പനകളനുസരിച്ച് ജീവിക്കുന്നവന്റേയും എല്ലാതരം കടപ്പാടുകളും നിർവഹിക്കുന്നവന്റേയും അപേക്ഷയും ദുആയുമാണ് സ്വീകരിക്കപ്പെടുന്നത്.

ജമാഅത്തോടെയുള്ള നമസ്കാരത്തിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് നബി(സ) പറയുന്നു: ജമാഅത്ത് നമസ്കാരത്തിന് ഒറ്റക്ക് നമസ്കരിക്കുന്നതിനെക്കാൾ ഇരുപത്തഞ്ചിരട്ടി പുണ്യമുണ്ട്. തുടർന്നു പറഞ്ഞു. രാത്രിയിലെ മലക്കും പകലിലെ മലക്കും സുബ്ഹി നമസ്കാരത്തിന് വരുന്നു.

അതുകൊണ്ട് മുമ്പേ പറഞ്ഞിട്ടുള്ളതുമാണ്, ജമാഅത്ത് നമസ്കാരത്തിലേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ഇവിടെ ഈ രാജ്യത്ത് ജമാഅത്തംഗങ്ങൾ വിവിധ സ്ഥലങ്ങളിൽ താമസിക്കുന്നവരാണ്. ഇവിടെ മാത്രമെ പള്ളിയുള്ളു. ഇവിടെ കുറച്ചംഗങ്ങളെയുള്ളു. മറ്റുള്ള സ്ഥലങ്ങളിൽ പള്ളികളില്ല. പക്ഷേ, നമസ്കാരസെന്ററുകളുണ്ട്. മിഷൻ ഹൗസുണ്ട്. അവിടെ എല്ലാവരും സംഘടിക്കേണ്ടതുണ്ട്. പക്ഷേ, ഞാനറിഞ്ഞതനുസരിച്ച് ഈ ഭാഗത്തേക്ക് ശ്രദ്ധ വളരെ കുറവാണ്. കൃത്യമായി നമസ്കാരത്തിന് ആളുകൾ വരുന്നില്ല. തങ്ങളുടെ കർമ്മ പുസ്തകത്തിൽ കൂടുതൽ നന്മ രേഖപ്പെടുത്തണം എന്നുള്ള വിചാരം എപ്പോഴും മുഅ്മിനുകൾക്കുണ്ടാവേണ്ടതാണ്. അതുകൊണ്ട്, ജമാഅത്ത് നമസ്കാരത്തിലേക്ക് എല്ലാവരും ശ്രദ്ധിക്കുക. എത്രയധികം പ്രതിഫലം സമ്പാദിക്കാൻ കഴിയുമോ സമ്പാദിക്കുക, യഥാർത്ഥ മുഅ്മിൻ എന്ന് പറയപ്പെടുന്നതിനു വേണ്ടി.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹുതആല ഇച്ഛിക്കുന്നത് എല്ലാ മനുഷ്യരേയും ഒരേയൊരു ആത്മാവ് പോലെയാക്കിത്തീർക്കുക എന്നതാണ്. അതിന്റെ പേരാണ് വഹ്ദത്തെ ജംഹൂരി; ജനാധിപത്യപരമായ ഐക്യം. എല്ലാ ജനങ്ങളും ഒരു മനുഷ്യനെപ്പോലെ മനസ്സിലാക്കപ്പെടുന്ന സംഘടിതാവസ്ഥയാണിത്. മതംകൊണ്ടും ഉദ്ദേശിക്കുന്നത് ഇതു തന്നെയാണ്. ജപമാല പോലെ ജനാധിപത്യപരമായ ഐക്യത്തിന്റെ ഒരു നൂലിൽ എല്ലാവരും കോർക്കപ്പെടുക. ജമാഅത്തായിട്ട് നിർവഹിക്കപ്പെടുന്ന നമസ്കാരവും ഈ ഐക്യത്തിനുവേണ്ടിയാണ്; നമസ്കാരക്കാരെല്ലാം ഒന്നാണെന്ന് ഗണിക്കപ്പെടുന്നതിനുവേണ്ടിയാണ്. പരസ്പരം ചേർന്നുനില്ക്കാൻ കല്പിച്ചിട്ടുള്ളത്, ആരുടെ പക്കലാണോ കൂടുതൽ പ്രകാശമുള്ളത് അത് അടുത്തുനില്ക്കുന്ന ബലഹീനനിൽ പ്രവഹിച്ച് അവന് ശക്തിപകരാനാണ്. ഹജ്ജും ഇതിനുവേണ്ടിത്തന്നെയാണ്. ജനാധിപത്യപരമായ ഈ ഐക്യം ഉണ്ടാക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള തുടക്കം, ഇങ്ങനെയാണ് അല്ലാഹു ചെയ്തിട്ടുള്ളത്. ഒന്നാമതായി, ഒരു പ്രദേശത്തുള്ളവരെല്ലാം അഞ്ചുനേരനമസ്കാരം ആ പ്രദേശത്തെ പള്ളിയിൽ ജമാഅത്തായി നമസ്കരിക്കാൻ കല്പിച്ചത് പരിശുദ്ധമായ സ്വഭാവങ്ങൾ പരസ്പരം കൈമാറുന്നതിനും, പ്രകാശങ്ങൾ കൂടിച്ചേർന്ന് ബലഹീനതകൾ അകറ്റുന്നതിനും പരസ്പരം പരിചയപ്പെട്ട് സ്നേഹം ഉണ്ടാകുന്നതിനുംവേണ്ടിയാണ്. പരിചയപ്പെടൽ വളരെ നല്ല കാര്യമാണ്. കാരണം ഇതുകൊണ്ട് സ്നേഹം വർധിക്കുന്നു. അത് ഐക്യത്തിന്റെ അടിത്തറയാണ്. പരിചയപ്പെടുന്ന ശത്രു, പരിചയമില്ലാത്ത സുഹൃത്തിനെക്കാൾ വളരെ നല്ലവനാണ്. കാരണം അന്യദേശത്ത് കണ്ടുമുട്ടുമ്പോൾ, പരിചയപ്പെട്ടകാരണത്താൽ ഹൃദയങ്ങളിൽ സ്നേഹം ഉണ്ടാകുന്നു. അതിനുകാരണം, പകയുടെ മണ്ണിൽ നിന്ന് വേർപെട്ടകാരണത്താൽ വെറുപ്പ് - അതൊരു താൽക്കാലിക വികാരമാണ് - അകറ്റപ്പെടുന്നു; പരിചയം മാത്രം അവശേഷിക്കുന്നു. രണ്ടാമത്തെ കല്പന ജുമുഅദിവസം ജുമുഅത്ത് പള്ളിയിൽ പോകുക എന്നതാണ്. കാരണം എല്ലാ ആഴ്ചയും എല്ലാവർക്കും പട്ടണത്തിലെ പള്ളിയിൽ വരാൻ പ്രയാസമായിരിക്കും. അതുകൊണ്ട് പട്ടണത്തിലെ എല്ലാവരും ആഴ്ചയിലൊരിക്കൽ കൂടിച്ചേർന്ന് പരിചയപ്പെടാനും ഐക്യപ്പെടാനും കല്പിച്ചു. അവസാനം എപ്പോഴെങ്കിലും എല്ലാവരും ഒന്നായിത്തീരുന്നതാണ്. ജുമുഅ നമസ്കാരത്തിലേക്കും ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ഞാൻ അന്വേഷിച്ചതിൽനിന്ന് എനിക്കറിയാൻ കഴിഞ്ഞത് മിക്കവരും രണ്ടാഴ്ചയോ മൂന്നാഴ്ചയോ കൂടുമ്പോഴാണ് ജുമുഅ നമസ്കരിക്കാൻ വരുന്നതെന്നാണ്. ഇതിലേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച് വ്യക്തമായ കല്പനയാണുള്ളത്. ജോലികൾ ഉപേക്ഷിക്കുക, ജുമുഅയ്ക്ക് വരികയെന്ന്. അഹ്മദികൾ പ്രത്യേകിച്ച് ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഇത് അവസാനം വരുന്നവരെ (ആഖരീൻ) ആദ്യം വന്നവരുമായി (അവ്വലിൻ) കൂടി ചേർക്കുന്ന കല്പനയാണ്. അതുകഴിഞ്ഞ് തൊഴിലിന് പൊയ്ക്കൊള്ളാൻ പറഞ്ഞു. ജുമുഅയ്ക്കുവേണ്ടി ജോലിനിറുത്തിവയ്ക്കുകയും, അതിനുശേഷം തുടരുകയും ചെയ്യുന്നവരുടെ ജോലിയിലും അല്ലാഹുവിന്റെ അനുഗ്രഹം ഉണ്ടാകും.

ഒരു ഹദീസിൽ വന്നിരിക്കുന്നു. നബി(സ)

പറഞ്ഞു: അല്ലാഹുവിന്റെ പക്കൽ പട്ടണത്തിലെ ഇഷ്ടപ്പെട്ട സ്ഥലം അവന്റെ പള്ളികളും, ഇഷ്ടപ്പെടാത്ത സ്ഥലം അവിടെത്തെ മാർക്കറ്റുകളുമാണ്. ഇഷ്ടപ്പെട്ട വസ്തുവിനെവിട്ടുകൊണ്ട് ഇഷ്ടപ്പെടാത്ത വസ്തുക്കളെ കൈക്കലാക്കാൻ ശ്രമിക്കുന്നതാരാണ്? ഞങ്ങൾ നിർമ്മിക്കുന്ന പള്ളികളിലെല്ലാം നാശം മാത്രമെയുള്ളുവെന്ന് ചിലയാളുകൾ എഴുതുന്നു. ഒരു ബർക്കത്തും ഉണ്ടാകുന്നില്ല. ഇക്കാരണത്താൽ അവർ പിന്നീട് ദുഷ്ടചിന്താഗതിക്കാരായിത്തീരുന്നു. ആരാധന യഥാവിധി അനുഷ്ഠിച്ചുകൊണ്ട് തൊഴിലുകൾ എടുക്കുകയാണെങ്കിൽ അല്ലാഹു തആല അനുഗ്രഹം ചൊരിയുന്നതാണ്. ജുമുഅയുടെ നമസ്കാര സമയത്ത് ജുമുഅയിൽ വരുന്നതിനുപകരം, തൊഴിലിൽ ശ്രദ്ധിക്കുകയാണെങ്കിൽ, അങ്ങനെ അല്ലാഹുവിന്റെ കല്പനയെ ഒഴികഴിവ് പറഞ്ഞ് മാറ്റിവയ്ക്കുകയാണെങ്കിൽ പിന്നീട് അധോഗതി തന്നെയായിരിക്കും ഉണ്ടാകുക. അതിനാൽ നമസ്കാരങ്ങളുടെയും ജുമുഅയുടേയും നേരങ്ങളിൽ പ്രത്യേകമായി ഇക്കാര്യം ശ്രദ്ധിക്കുക. ചിലപ്പോൾ ജോലിയുള്ള സ്ഥലം ദൂരെയായിരിക്കും. മിക്കപ്പോഴും രണ്ടും മൂന്നും അഹ്മദികൾ ഏതെങ്കിലും സ്ഥലത്ത് ഒരുമിച്ചുകൂടാറുണ്ട്. സെന്ററുകളിൽ അവർക്ക് വരാൻ സാധിക്കുകയില്ല. ആ രണ്ട്മൂന്ന് വ്യക്തികൾ, അവരുടെ സ്ഥലത്ത് ആരെയെങ്കിലും ഇമാമായി നിശ്ചയിച്ച് ജമുഅ നിർബന്ധമായും നമസ്കരിക്കേണ്ടതാണ്.

ഈ ജുമുഅകളുടെ ഉദാഹരണങ്ങൾ വിവരിച്ച ശേഷം ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: പിന്നീട് വർഷം കഴിയുമ്പോൾ പെരുന്നാളുകളിൽ ഗ്രാമത്തിലേയും പട്ടണങ്ങളിലേയും ജനങ്ങൾ കൂടിച്ചേർന്ന് പെരുന്നാൾ നമസ്കരിക്കാൻ പറഞ്ഞു; പരിചയപ്പെടലും സ്നേഹവും വർധിച്ച് ജനാധിപത്യപരമായ ഐക്യം ഉണ്ടാക്കുന്നതിനുവേണ്ടി. ഇപ്രകാരം തന്നെ ലോകത്തുള്ള എല്ലാവരേയും സംഘടിപ്പിക്കുന്നതിനുവേണ്ടി ജീവിതത്തിലൊരിക്കൽ മക്കാമൈതാനിയിൽ ഒത്തു ചേരാൻ പറഞ്ഞു. ഇങ്ങനെ പരസ്പരം സ്നേഹവും ഐക്യവും അഭിവൃദ്ധിപ്പെടണമെന്ന് അല്ലാഹു ആഗ്രഹിച്ചു. വ്യസനകരമെന്നു പറയട്ടെ! നമ്മുടെ എതിരാളികൾക്കറിയില്ല, ഇസ്ലാമിന്റെ തത്വശാസ്ത്രം എത്ര ശക്തമാണെന്ന്. ഭൗതീക ഭരണാധികാരികൾ പുറപ്പെടുവിക്കുന്ന കല്പനകളിൽ മനുഷ്യന് എന്നെന്നേക്കുമായി അയവുവരുത്തുവാൻ കഴിയും. എന്നാൽ അല്ലാഹുവിന്റെ കല്പനകൾ നടപ്പിൽ വരുത്തുന്നതിൽ അയവും, അതിൽ നിന്ന് മുഖം തിരിക്കലും ഒരിക്കലും സാധ്യമല്ല. പെരുന്നാൾ നമസ്കാരം പോലും അനുഷ്ഠിക്കാത്ത മുസൽമാനാരാണ്? ഈ എല്ലാ ഒത്തുചേരലും കൊണ്ട് ഒരാളിലുള്ള പ്രകാശം മറ്റൊരാളിലേക്ക് പ്രവഹിച്ച് അവന് കരുത്തേകുക എന്നതാണ് ഉദ്ദേശ്യം. നമസ്കാരം അനുഷ്ഠിക്കുന്നതു തുടങ്ങി ജുമുഅ, ജുമുഅയ്ക്ക് ശേഷം പെരുന്നാൾ, പിന്നീട് ഹജ്ജ് ഈ എല്ലാകൂടിച്ചേരലും ഐക്യത്തിന്റെ അടയാളമായി അവിടന്ന് പറഞ്ഞിരിക്കുന്നു. ഐക്യത്തിന്റെ മാതൃക ഏറ്റവും കൂടുതൽ ആരെങ്കിലും കാണിക്കണമെങ്കിൽ അത് അഹ്മദികളാണ് കാണിക്കേണ്ടത്, എതിരാളികളുടെ ആക്ഷേപത്തിന്റെ വായ അടയ്ക്കുന്നതിനുവേണ്ടി സ്വയം നിങ്ങളുടെ ആരാധനകളെ ജീവിപ്പിക്കേണ്ടതാണ്. നമസ്കാരത്തിനായി കൂടിച്ചേരണം. ജുമുഅ നമസ്കാരത്തിനായി കൂടിച്ചേരണം. പെരുന്നാളിന് കൂടിച്ചേരണം. ഇപ്രകാരം എല്ലാ അഹ്മദികളും ഇക്കാര്യത്തിൽ ശ്രദ്ധിക്കുക. ഹസ്റത്ത് മസീഹ് മൗഊദ്(അ) ന് ബൈഅത്ത് ചെയ്തപ്പോൾ, ഉള്ളിൽ മാറ്റമുണ്ടാക്കണമെന്ന് നാം ചെയ്ത പ്രതിജ്ഞ പൂർത്തിയാക്കുന്നവരായി തീരണം. യഥാർത്ഥത്തിൽ മുഅ്മിൻ എന്ന് പറയപ്പെട്ടവരായി തീരണം. അല്ലെങ്കിൽ അല്ലാഹുവിന്റെ പക്കൽ മുഅ്മിനുമല്ല, സൻമാർഗ്ഗം പ്രാപിക്കുന്നവരുമല്ല. കാരണം അല്ലാഹു തആല പള്ളികളെ ജനനിബിഡമാക്കുന്നവരെയാണ് വിശ്വാസികളിൽ ഉൾപ്പെടുത്തുന്നത്. അവൻ പറയുന്നു.

إِنَّمَا يَعْمُرُ مَسَٰجِدَ ٱللَّهِ مَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ
وَأَقَامَ ٱلصَّلَوٰةَ وَءَاتَى ٱلزَّكَوٰةَ وَلَمْ يَخْشَ إِلَّا ٱللَّهَ فَعَسَىٰٓ
أُو۟لَٰٓئِكَ أَن يَكُونُوا۟ مِنَ ٱلْمُهْتَدِينَ

അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും നമസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും അല്ലാഹുവിനെയല്ലാതെ ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവരാരോ അവർ മാത്രമെ അല്ലാഹുവിന്റെ പള്ളികളെ ജനനിബിഡമാക്കുകയുള്ളു. അത്തരക്കാർ നേർമാർഗ്ഗം പ്രാപിക്കുന്നവരിൽപ്പെട്ടവരായേക്കാം. (9.18)

അല്ലാഹു ഓരോ അഹ്മദിക്കും ഈമാൻ എന്താണോ ആവശ്യപ്പെടുന്നത് അത് പൂർത്തീകരിച്ചുകൊണ്ട് പള്ളികൾ ജന നിബിഡമാക്കി തീർക്കാൻ തൗഫീഖ് നൽകുമാറാകട്ടെ.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂസഈദ് (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു. പതിവായി പള്ളിയിൽ വന്നും പോയും ഇരിക്കുന്നവരെനിങ്ങൾ കണ്ടുമട്ടിയാൽ അവന് ഈമാനുണ്ടെന്ന് നിങ്ങൾ സാക്ഷ്യം വഹിച്ചുകൊള്ളുക. അല്ലാഹു പറഞ്ഞിട്ടുണ്ട്: നിശ്ചയം അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വാസമുള്ളവരെ അല്ലാഹുവിന്റെ പള്ളി ജനനിബിഡമാക്കുകയുള്ളു.

മറ്റൊരു നിവേദനമാണ്. ഹസ്റത്ത് അബൂഹുറൈയ്റ (റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: നിങ്ങൾ സ്വർഗ്ഗത്തിലെ തോട്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ അവിടെ നിന്ന് അല്പം കുടിക്കുകയും തിന്നുകയും ചെയ്യുക. ഹസ്റത്ത് അബൂഹുറൈയ്റ(റ) പറയുന്നു ഞാൻ ചോദിച്ചു അല്ലാഹുവിന്റെ റസൂലെ ഈ ജന്നത്തിലെ തോട്ടങ്ങൾ എന്താണ്?. അതുകേട്ടപ്പോൾ നബി(സ)

പറഞ്ഞു: പള്ളികൾ സ്വർഗ്ഗത്തിലെ തോട്ടങ്ങളാണ്. ഞാൻ ചോദിച്ചു. അല്ലാഹുവിന്റെ റസൂലെ അതിൽ നിന്ന് തിന്നുകയും കുടിക്കുകയും ചെയ്യുക എന്നു പറഞ്ഞാൽ എന്താണ്?. നബി(സ) പറഞ്ഞു. *സുബ്ഹാനല്ലാഹി വൽഹംദുലില്ലാഹി വലാഇലാഹ ഇല്ലല്ലാഹു വല്ലാഹു അക്ബർ* എന്നുചൊല്ലുക.

അല്ലാഹുവിനെ സ്തുതിക്കുക. അവന്റെ മഹത്വത്തെ വാഴ്ത്തുക. അവനെ ആരാധിക്കുക. ഒരു മുഅ്മിന് തന്റെ ഈമാന് ശക്തിപകരാൻ, സന്മാർഗ്ഗത്തിലൂടെ നടക്കാൻ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ഈ ദുൻയാവിലേയും ആഖിറത്തിലേയും കനിതിന്നാൻ പള്ളിയിൽ പോകുന്നു. ഇതുതന്നെയാണ് പള്ളികൾ കൊണ്ടുള്ള ഉദ്ദേശ്യവും. ഈ ഉദ്ദേശ്യസാഫല്യത്തിനു വേണ്ടിയാണ് പള്ളികൾ നിർമ്മിക്കുന്നത്. ഭൗതീകത പള്ളിയുടെ അടുത്തൂടെ പോലും പോകാൻ പാടില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. കളഞ്ഞുപോയ വസ്തുവിനെക്കുറിച്ചുള്ള വിളംബരവും പള്ളിയിൽ നിരോധിച്ചിരിക്കുന്നു. ഇത്രത്തോളം കല്പനയുള്ളപ്പോൾ പിന്നെ പള്ളിയിൽ ഭൗതീകമായ കാര്യങ്ങൾ സംസാരിക്കുന്ന പ്രശ്നം തന്നെയില്ല. പള്ളിയിൽ കൂടിച്ചേരുന്നത് പരസ്പരം സ്നേഹവും സന്തോഷവും ഇണക്കവും ഉണ്ടാകുന്നതിനു വേണ്ടിയാണ്. പരസ്പരമുള്ള തെറ്റുകൾ പൊറുത്തു കൊടുക്കാനുള്ള ബോധം ഉണ്ടാകുന്നതിനു വേണ്ടിയാണ്. അല്ലാഹുവിനെ ആരാധിക്കുന്നതിനോടൊപ്പം സമസൃഷ്ടികളോടുള്ള കടപ്പാട് നിറവേറ്റാൻ ശ്രമിക്കുന്നതിനുവേണ്ടിയാണ്. കാരണം അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കുക എന്നതിന്റെ അർത്ഥം തന്നെ, അല്ലാഹുവിനോടുള്ള കടപ്പാടും മനുഷ്യരോടുള്ള കടപ്പാടും നിറവേറ്റുക എന്നതാണ്. പള്ളികൾ നിർമ്മിക്കുന്നതുതന്നെ നിഷ്കളങ്കരായി അല്ലാഹുവിനെ ആരാധിക്കുന്നതിനു വേണ്ടിയാണ്. അതിനാൽ പള്ളിയിൽ ആരാധിക്കാൻ വരുന്നവരോടൊപ്പം അത് നിർമ്മിക്കാൻ ഭാഗഭാക്കായവരും പ്രതിഫലം പറ്റുന്നു. അല്ലാഹുവിനുവേണ്ടിമാത്രം പള്ളിപണിയാൻ പങ്കെടുത്ത് നാം അവർക്കുവേണ്ടി സ്വർഗ്ഗത്തിൽ തോട്ടം ഉണ്ടാക്കുന്നു. പേരിനോ പെരുമക്കോവേണ്ടിയല്ല. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു വേണ്ടി പള്ളി നിർമ്മിക്കുന്നതും തീർച്ചയായും സൽകർമ്മമാണ്. അവർ അല്ലാഹുവിന്റെ ഫളിലിനെ സ്വരുക്കൂട്ടുന്നവരാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഉസ്മാൻ ബിൻ അഫ്ഫാൻ(റ) തന്റെ ഖിലാഫത്തുകാലത്ത് മസ്ജിദ് നബ്വി പുനരുദ്ധരിക്കാൻ തീരുമാനിച്ചു. കുറച്ചാളുകൾക്കതിഷ്ടപ്പെട്ടില്ല. ആ മസ്ജിദ് അതിന്റെ തനതായ രൂപത്തിൽ തന്നെ നിൽക്കണമെന്നവർ ആഗ്രഹിച്ചു. ഇതുകേട്ടുകൊണ്ട് അവിടന്നു പറഞ്ഞു: ഞാൻ നബി(സ) ഇങ്ങനെ പറയുന്നതായി കേട്ടിട്ടുണ്ട് ആരാണോ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ പള്ളി നിർമ്മിച്ചത്. അല്ലാഹു തആല അയാൾക്ക് സ്വർഗ്ഗത്തിലും അതുപോലുള്ള വീടുണ്ടാക്കുന്നതാണ്.

ഞാൻ പറഞ്ഞതുപോലെ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു വേണ്ടി പള്ളികൾ നിർമ്മിക്കുക. അഹ്മദികൾ പള്ളികൾ നിർമ്മിക്കുമ്പോൾ തീർച്ചയായും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ വേണ്ടിയായിരിക്കും നിർമ്മിക്കുന്നത്. കൂടുതൽ കൂടുതൽ ആരാധകർ അതിനെ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയായിട്ടാണ് നിർമ്മിക്കുന്നത്. കൂടുതൽ കൂടുതൽ ആരാധകർ അതിനെ പ്രയോജപ്പെടുത്തുന്നതിനവേണ്ടിയായിട്ടാണ് നിർമ്മിക്കുന്നത്. നമ്മുടെ പരിശ്രമം അങ്ങേയറ്റം വണക്കത്തോടും ദുആയോടും കൂടിയതാണ്. അതിൽ മറ്റുള്ളവരെ കാണിക്കുന്ന രീതിയൊന്നും ഉണ്ടായിരിക്കുകയില്ല. പള്ളികളെ ജനനിബിഡമാക്കാനും, അല്ലാഹുവിനെ ആരാധിക്കുന്നവരുടെ സംഖ്യ വർദ്ധിപ്പിക്കാനും വേണ്ടി അല്ലാഹു നിയോഗിച്ചയച്ച മുഹമ്മദീമസീഹിന്റെ ജമാഅത്തിൽ പെട്ടവരാണ് നാം. നമ്മൾ പള്ളി നിർമ്മിക്കുന്നത്, അത് കണ്ടിട്ട് കൂടുതൽ കൂടുതൽ ആളുകൾ ഈ പരിശുദ്ധ ജമാഅത്തിൽ ചേരുന്നതിനു വേണ്ടിയാണ്. അല്ലാഹുവിനെ ആരാധിക്കുന്നവരായി തീരുന്നതിനുവേണ്ടിയാണ്. ഈ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിനുവേണ്ടി ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മോട് പറഞ്ഞു.

ഇക്കാലത്ത് നമ്മുടെ ജമാഅത്തിന് പള്ളിയുടെ വലിയ ആവശ്യമുണ്ട് അത് അല്ലാഹുവിന്റെ ഭവനമാണ്. ഒരു പട്ടണത്തിലോ ഗ്രാമത്തിലോ നമ്മുടെ പള്ളി ഉണ്ടായിക്കഴിഞ്ഞാൽ ജമാഅത്തിന്റെ അഭിവൃദ്ധിക്കുള്ള അടിത്തറ ഇട്ടിരിക്കുന്നുവെന്ന് മനസ്സിലാക്കികൊള്ളുക. മുസ്ലിംകൾ കുറവുള്ള ഗ്രാമമോ പട്ടണമോ ആണെങ്കിൽ, മുസ്ലിംകൾ തീരെയില്ലാത്ത സ്ഥലമാണെങ്കിൽ അവിടെ ഇസ്ലാമിന് അഭിവൃദ്ധി ഉണ്ടാകണമെങ്കിൽ ഒരു പള്ളി ഉണ്ടാക്കേണ്ടതാണ്. പിന്നീട് അല്ലാഹുതന്നെ മുസ്ലിംകളെ വലിച്ചുകൊണ്ടുവരും. പക്ഷെ, പള്ളിനിർമ്മിക്കുന്നതിനുള്ള നിയ്യത്ത് ആത്മാർത്ഥമായിരിക്കണമെന്നു മാത്രം. അല്ലാഹുവിനുവേണ്ടിമാത്രം അതു നിർമ്മിക്കുക. സാർത്ഥതയോ ശിർക്കോ അതിൽ കടക്കാൻ പാടില്ല. അല്ലെങ്കിൽ ഉപദ്രവം കടന്നുകൂടാൻ പാടില്ല. അപ്പോൾ അല്ലാഹു അനുഗ്രഹം തരും. ഈ നിർദ്ദേശം മുന്നിൽ വെച്ചുകൊണ്ട് നാം എല്ലായിടത്തും പള്ളി നിർമ്മിക്കേണ്ടതാണ്. ഇതിനുവേണ്ടിയാണ് അഹ്മദിയ്യാ ജമാഅത്ത് പള്ളി നിർമ്മിക്കുന്നത്.

500 വർഷത്തിനുശേഷം ഈ രാജ്യത്ത് സ്വാതന്ത്ര്യം കിട്ടിയുടനെതന്നെ അഹ്മദിയ്യാ ജമാഅത്ത് പള്ളി നിർമ്മിച്ചു. അതു നിർമ്മിച്ചിട്ട് ഏശദേശം 25 വർഷം ആകാൻ പോകുന്നു. സ്പെയിനിൽ മുഹമ്മദീ മസീഹിനെ വിശ്വസിക്കുന്നവരുടെ പ്രകാശമാനമായ മിനാരം മറ്റുസ്ഥലങ്ങളിലും കാണേണ്ട കാലമാണിത്.

വിവധ പട്ടണങ്ങളിൽ ജമാഅത്ത് രൂപീകരിച്ചിട്ടുണ്ട്. ഈ പള്ളി ഇവിടെ നിർമ്മിക്കുമ്പോൾ വിരലിലെണ്ണാവുന്ന ആളുകൾ മാത്രമേഉണ്ടായിരുന്നുള്ളു. ഇപ്പോൾ നൂറുകണക്കിനുണ്ട്. പാക്കിസ്ഥാനികൾക്ക് പുറമേയും അഹ്മദികളുണ്ട്. ജമാഅത്തിന്റെ വരുമാനമനുസരിച്ച് ആരാധിക്കുന്നവർക്കുവേണ്ടി - പേരിനോ പെരുമയ്ക്കോ വേണ്ടിയല്ല.- അല്ലാഹുവിന്റെ മറ്റു വീടുകളും നിർമ്മിക്കുക. അതിനുവേണ്ടി വലൻശിയാ പട്ടണത്തിലേക്ക് എന്റെ ശ്രദ്ധപോയി. ഇവിടെയും ഒരു ചെറിയ ജമാഅത്തുണ്ട്. ഈ പട്ടണം രാജ്യത്തിന്റെ കിഴക്കുഭാഗത്താണ്. നിങ്ങൾക്കറിയാം. മറ്റുള്ളവരുടെ അറിവിലേക്കാണ് പറയുന്നത്. ജനവാസത്തിന്റെ അടിസ്ഥാനത്തിലും മൂന്നാമത്തെ വലിയ പട്ടണമാണ്. ഇവിടെയും ക്രിസ്ത്വാബ്ദം 711 ൽ മുസ്ലിംകൾ വന്നു. മുസ്ലിംകളുടെ ചരിത്രസ്മാരകങ്ങൾ ഈ സ്ഥലങ്ങളിൽ നിന്ന് ഇപ്പോഴും കിട്ടുന്നുണ്ട്. ഈ സ്ഥലത്തെ മുസ്ലിംകൾ വികസിപ്പിച്ചെടുത്തതാണത്. ഒരുപാട് അഹ്മദികൾ ഇവിടെ തൊഴിലെടുക്കുന്നുണ്ട്. മാൽട്ടോ തോട്ടങ്ങളിൽ ഒരുപാട് അഹ്മദികൾ തൊഴിലെടുക്കുന്നു. മാൽട്ടോ തോട്ടങ്ങൾ നടപ്പിൽ വന്നതും മുസ്ലിംകളുടെ കാലം മുതലാണ്. എന്തായാലും നമുക്കിവിടെ ഇൻശാഅല്ലാഹ് പള്ളി നിർമ്മിക്കണം. അല്ലാഹുവിന്റെ അനുഗ്രഹവും അവൻ നൽകുന്ന കഴിവും കൊണ്ട് പെട്ടെന്ന് പള്ളി നിർമ്മിക്കണം. സ്പെയിനിൽ ജമാഅത്തംഗങ്ങളുടെ സംഖ്യ നൂറുകണക്കിനു മാത്രമാണ്. നിങ്ങൾക്ക് അധികം വരുമാനമാർഗ്ഗം ഇല്ലെന്നും എനിക്കറിയാം. ഇവിടെ സ്ഥലത്തിനും വലിയ വിലയാണ്. അമീർസാഹിബിനോട് അതിനെക്കുറിച്ച് ഞാൻ പറഞ്ഞപ്പോൾ എങ്ങനെ നിർമ്മിക്കണമെന്നോർത്ത് വളരെ വിഷമിക്കുന്നുണ്ടായിരുന്നു. ഞാ ൻ പറഞ്ഞു. നിങ്ങൾ രണ്ടായിരമോ മൂവായിരമോ ചതുരശ്രമീറ്ററുള്ള ചെറിയ സ്ഥലം നോക്കുക. എന്നിട്ട് പരിശ്രമിക്കുക. ജമാഅത്ത് സ്പെയിനിന് എന്ത് ചിലവഴിക്കാൻ കഴിയുമെന്ന് പറയുക. ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആഗ്രഹത്തെ പൂർത്തിയാക്കാൻ ആഗ്രഹിക്കാത്ത അഹ്മദികൾ ആരെങ്കിലുമുണ്ടോ? സ്വർഗ്ഗത്തിൽ തനിക്കായി വീടുണ്ടാക്കാൻ ആഗ്രഹിക്കാത്തതാരാണ്? അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ കഴിവനുസരിച്ച് പ്രവർത്തിക്കുക. അല്ലാഹു അവന്റെ അനുഗ്രഹം കൊണ്ട് ബാക്കി ഏർപ്പാടുണ്ടാക്കും. എന്നെന്നും അല്ലാഹു ജമാഅത്തിനോട് പെരുമാറിയിട്ടുള്ളത് ഇങ്ങനെതന്നെയാണ്. ഇൻശാഅല്ലാ തുടർന്നും ഇത് നിലനിൽക്കുന്നതാണ്. അവൻ സ്വയം ഏർപ്പാടുണ്ടാക്കുന്നതാണ്. പിന്നീട് അമീർ സാഹിബ്, തനിക്ക് പിശക്പറ്റിയെന്നോ തെറ്റുദ്ധാരണയുണ്ടായെന്നോ എഴുതിയറിയിച്ചു. താൻ കാര്യം മനസ്സിലാക്കാതെ നിരാശപ്രകടിപ്പിച്ചുവെന്നും സൂചിപ്പിച്ചു. തങ്ങൾ പള്ളിയുണ്ടാക്കുമെന്നും മറ്റുപട്ടണങ്ങളിലുമുണ്ടാക്കുമെന്നും ഉറപ്പുനൽകി.

ദൃഢമായ ഉറപ്പും തന്റേടവും ഉത്സാഹവുമാണ് വേണ്ടത്. അതിനോടൊപ്പം ഏറ്റവും വേണ്ടത് അല്ലാഹുവിന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ട് അവനോട് ദുആ ചെയ്തുകൊണ്ട് അവനോട് സഹായം തേടികൊണ്ട് പണി തുടങ്ങുക എന്നതാണ്. ഇൻശാഅല്ലാഹ് ബർക്കത്തുണ്ടാകുന്നതാണ്. എത്രയും വേഗം ഇതിനു ഏർപ്പാടുണ്ടാക്കാൻ സ്പെയിനിന്റെ ഇപ്പോഴത്തെ അവസ്ഥവെച്ചു നോക്കുമ്പോൾ സാധ്യമല്ലെന്ന് എനിക്കറിയാം, രണ്ടുവർഷം കൊണ്ട് പള്ളിനിർമ്മാണം പൂർത്തിയാക്കാൻ. പക്ഷെ, അല്ലാഹുവിന്റെ പേരിൽ നാം എത്രയും വേഗം ഈ പണി തുടങ്ങണം. അതുകൊണ്ട് സ്ഥലം എത്രയും വേഗം അന്വേഷിച്ചുതുടങ്ങണം. സ്പെയിൻ ജമാഅത്ത് ഗ്രാന്റോ കടമോ വാങ്ങിയാലും വേണ്ടില്ല. പിന്നീട് ഇത് വീട്ടിയാലും മതി. പള്ളി നിർമ്മാണം എത്രയും വേഗം തുടങ്ങുന്നതാണ്. ഇൻശാഅല്ലാഹ്. ജമാഅത്തിലെ കേന്ദ്രസ്ഥാപനങ്ങളും അല്ലെങ്കിൽ കഴിവുള്ള അംഗങ്ങളും സന്തോഷത്തോടെ എന്തെങ്കിലും നൽകാൻ ആഗ്രഹിക്കുന്നെങ്കിൽ ഈ പള്ളിക്കുവേണ്ടി നൽകുക. ഇതിനു തടസ്സമൊന്നുമില്ല. പക്ഷെ, ലോകത്തുള്ള എല്ലാ അഹ്മദികൾക്കുവേണ്ടി ഞാനീ ആഹ്വാനം ചെയ്യുന്നില്ല. ഇൻശാഅല്ലാഹ്. ഈ പള്ളിയുണ്ടാകും. കേന്ദ്രത്തിൽ നിന്ന് പണം സംഘടിപ്പിച്ചായാലും ശരി. പിന്നീട് സ്പെയിൻ കാർ ഈ പണം തിരിച്ചടക്കുകയും ചെയ്യും. എന്തായാലും ഈ ജോലി എത്രയും പെട്ടെന്ന് ആരംഭിക്കണം. കൂടുതൽ കാത്തിരിക്കരുത്. അല്ലാഹു തആല ഇതിന് നിങ്ങൾക്കെല്ലാവർക്കും തൗഫീഖ് നൽകുമാറാകട്ടെ. ഒരേകദേശകണക്കനുസരിച്ച് ഇരുന്നൂറോ മുന്നൂറോ ആളുകൾക്ക് നമസ്കരിക്കാൻ പറ്റിയ പള്ളിയാണ് നിർമ്മിക്കാൻ ആഗ്രഹിക്കുന്നത്. ഇത് അഞ്ച്, ആറ് ലക്ഷം യൂറോ കൊണ്ട് നിർമ്മിക്കാൻ കഴിയും. ഇവിടെയും മറ്റുസ്ഥലങ്ങളിലും പള്ളിനിർമ്മിക്കാൻ ഉറപ്പിച്ചിട്ടുണ്ടെങ്കിൽ നിർമിക്കുക. ജോലി തുടങ്ങുക. തീരുമാനം എടുത്തുകഴിഞ്ഞാൽ വാഗ്ദാനം ചെയ്യുക. അല്ലാഹു അനുഗ്രഹം ചെയ്യും. ജൽസയുടെ ദിനങ്ങളിൽ നീതിന്യായവകുപ്പിന്റെ ഡയറക്ടർ ഇവിടെ വന്നിരുന്നു. അദ്ദേഹം വളരെ തുറന്ന മനസ്സുള്ള ആളാണ്. ജമാഅത്തിന്റെ വരുമാന മാർഗ്ഗങ്ങൾ കുറവാണെന്ന് എന്നോട് പറഞ്ഞു. അദ്ദേഹം ഭൗതീക ദൃഷ്ടികൊണ്ടാണ് നോക്കുന്നത്. സർക്കാർ മുസ്ലിം സംഘടനകൾക്ക് ചിലസൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. ഇപ്പോൾ ഖുർത്തുബായിൽ അവർ പള്ളിയും ഉണ്ടാക്കിയിട്ടുണ്ട്. ഇതുപോലെ മറ്റുസൗകര്യങ്ങളും നൽകുന്നുണ്ട്. എന്നാൽ ആ മുസ്ലിംകൾ നിങ്ങളെ മുസ്ലിംകളിൽ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല അതുകൊണ്ട് സർക്കാറിന്റെ സഹായം നിങ്ങൾക്ക് കിട്ടുന്നില്ല. ഈ മുസ്ലിംകളുടെ ചിലകാര്യങ്ങൾ നിങ്ങൾക്ക് അംഗീകരിച്ചുകൂടെ? അങ്ങനെ സർക്കാ

രിൽ നിന്നുള്ള സാമ്പത്തികസഹായം പ്രയോജനപ്പെടുത്തികൂടെ. മറ്റുകാര്യങ്ങളിൽ അവരെ അംഗീകരിക്കണ്ട.

ഞാൻ അദ്ദേഹത്തോട് പറഞ്ഞു: മറ്റുമുസ്ലിം സംഘടനകൾ ഞങ്ങൾക്ക് തരാൻ ഇഷ്ടപ്പെട്ടാൽ തന്നെ ഞങ്ങൾക്ക് അത് വാങ്ങാൻ പറ്റില്ല. കാരണം ശാന്തിക്കും സമാധാനത്തിനും വേണ്ടി നിലകൊള്ളുന്നു എന്ന നിങ്ങളുടെ വാദം നിരർത്ഥകമാണെന്ന് നാളെ നിങ്ങൾ തന്നെ ഞങ്ങളോട് പറയും. തീവ്രവാദികളോടൊപ്പം തന്നെയാണ് നിങ്ങളും എന്നുപറയും.

രണ്ടാമത്തെ ഏറ്റവും വലിയ കാര്യം, അല്ലാഹുവിന്റെ റസൂൽ(സ) ന്റെ പ്രവചനമനുസരിച്ച് ഇസ്ലാമികമായ അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന മറ്റുമുസ്ലിംകളിൽ നിന്ന് വേറിട്ടുകൊണ്ട് അവരിൽ നിന്ന് രക്ഷപ്പെട്ടുകൊണ്ട് ശരിയായ ഇസ്ലാമിക അദ്ധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നവരായി ഞങ്ങൾ തിരിച്ചറിയപ്പെടാനുള്ള സൗകര്യം അല്ലാഹു ഒരുക്കി തന്നിരിക്കുകയാണ്. അല്ലാഹു അത്തരം സന്ദർഭം ഉണ്ടാക്കിയിരിക്കുന്നു. പ്രവചനം പൂർത്തിയായിരിക്കുന്നു. ഞങ്ങളെ പ്രത്യേകമായി തിരിച്ചറിയുന്ന ഒരു അവസ്ഥ നിലവിലുണ്ട്. അതുകൊണ്ട് കുറച്ചുപൈസക്കുവേണ്ടി അല്ലെങ്കിൽ അല്പം നേട്ടത്തിനുവേണ്ടി ഞാൻ അല്ലാഹുവിന്റെ റസൂലിന്റെ സത്യമായ പ്രവചനത്തേയും അല്ലാഹുവിന്റെ അനുഗ്രഹങ്ങളേയും തെറ്റായിസ്ഥാപിക്കാൻ പരിശ്രമിക്കണോ. ഇതെന്തായാലും നടക്കുകയില്ല. അഹ്മദികൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടി വലിയ അഭിമാനമുള്ളവരാണ്. ഓരോ അഹ്മദിയുടേയും മനസ്സിൽ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പേരിൽ വലിയ അഭിമാനമുണ്ട്. അഹ്മദികളുടെ അവകാശമാണെന്നുകരുതി എന്തെങ്കിലും സഹായം നൽകാൻ സർക്കാർ തയ്യാറാവുകയാണെങ്കിൽ ഞാൻ സ്വീകരിക്കുന്നതാണ്. ഇല്ലെങ്കിൽ, അഹ്മദിയ്യാ ജമാഅത്തിന്റെ ഓരോവ്യക്തിക്കും ത്യാഗം ചെയ്യാൻ അറിയാം. അവർക്ക് തങ്ങളുടെ ഭക്ഷണം വെട്ടിക്കുറച്ചാണെങ്കിലും പള്ളികൾ നിർമ്മിക്കുന്നതിനുവേണ്ടി പ്ലോട്ട് വാങ്ങാനും പണം സ്വരൂപിക്കാനും കഴിയും. അല്ലെങ്കിൽ ജമാഅത്തിന്റെ മറ്റു ആവശ്യങ്ങൾ വഹിക്കാൻ കഴിയും. എന്തായാലും അദ്ദേഹത്തിന് ജമാഅത്തുമായി വലിയ ബന്ധമാണുള്ളത്. ചിലരുമായി വലിയ വ്യക്തിഗത ബന്ധവുമുണ്ട്. അദ്ദേഹം പറഞ്ഞു. ഞാനിക്കാര്യം മനസ്സിലാക്കുന്നു. പക്ഷെ നിങ്ങളുടെ അവകാശവും മറ്റുമുസ്ലിം സംഘടനകൾ പിടിച്ചു പറ്റുന്ന നിലയിലാണ് നിയമമുള്ളത്. ഈ സംഘടനകൾ പരസ്പരം തല്ലുകൂടിക്കൊണ്ടിരുന്നാലും പക്ഷെ സാമ്പത്തിക നേട്ടം കാണുകയാണെങ്കിൽ സർക്കാരിൽ നിന്ന് എന്തെങ്കിലും സഹായം നേടണമെങ്കിൽ ഇവരെല്ലാവരും സംഘടിക്കുന്നു. ഞാനദ്ദേഹത്തോട് പറഞ്ഞത്, ഇതുമുഖേന നമ്മുടെ പ്രവർത്തനത്തിൽ ഒരു വ്യത്യാസവും ഉണ്ടാകുകയില്ലെന്നാണ്. ഈ സൗകര്യം ലഭിക്കുന്നതിനായി നമ്മുടെ പാരമ്പര്യവും നമ്മുടെ ഈമാനും വിൽക്കാൻ നാം തയ്യാറല്ല. അദ്ദേഹം നല്ല ആഴത്തിലുള്ള വായനയുള്ള ആളാണ്. ഇക്കാര്യത്തെക്കുറിച്ച് ആദ്യമെ അദ്ദേഹത്തിനറിയാമായിരുന്നു. ഒരു പക്ഷെ നേരിട്ട് എന്റെ നിലപാട് കേൾക്കാൻ ആഗ്രഹിച്ചിട്ടുണ്ടാകും. അതുകൊണ്ടായിരിക്കാം ഈ പ്രശ്നം എടുത്തിട്ടത്.

അദ്ദേഹം പറഞ്ഞ ഇക്കാര്യം, എന്റെ മനസ്സിൽ മറ്റേതെങ്കിലും വലിയ പട്ടണത്തിൽ പെട്ടെന്ന് ഒരു പള്ളി നിർമ്മിക്കണമെന്ന വിചാരം ശക്തമായി ഉണ്ടാക്കിയിരിക്കുകയാണ്. അല്ലാഹു നമ്മുടെ കഴിവുകളെ വർദ്ധിപ്പിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. സ്പെയിനിൽ ഒരു പള്ളി താമസംവിനാ നമുക്ക് നൽകുന്നതാണ്. അതിനാൽ നിങ്ങൾ ദുആ ചെയ്തുകൊണ്ടിരിക്കുകയും പ്രവർത്തിക്കണമെന്ന ഉറച്ച തീരുമാനമെടുക്കുകയും ചെയ്യുക. അല്ലാഹുവിൽ സർവ്വവും ഭരമേൽപ്പിക്കുക. ഇൻശാഅല്ലാഹ് അല്ലാഹു തീർച്ചയായും സഹായിക്കുന്നതാണ്. അല്ലാഹു എല്ലാവർക്കും തൗഫീഖ് നൽകുമാറാകട്ടെ.

**JUMUA KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 14 - 01 - 2005 at**
**Basharat Mosque**
**Padroabad**
**Spain**

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**PHONE : 98465 02288**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**